# മജ്ജ ദാനം ചെയ്ത് വിദ്യാർഥി

കൊച്ചി: മജ്ജദാനത്തിലൂടെ നാലുവയസ്സുകാരന് പുതുജീവൻ നൽകി ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിലെ ബി.കോം. വിദ്യാർഥി എഡ്വിൻ ഡൊമിനിക് മാതൃകയാകുന്നു. കലാകാരൻകൂടിയായ എഡ്വിൻ മാരക രക്തസംബന്ധ രോഗബാധിതനായ നാലുവയസ്സുകാരനാണ് മജ്ജദാനം ചെയ്തത്. കേരളത്തിൽ നിന്ന് പുറത്തേക്കുള്ള രണ്ടാമത്തെ മജ്ജദാനമാണിത്.



എഡ്വിൻ

ദാത്രിയും ഇരിങ്ങാലക്കുടയിലെ സാമൂഹിക പ്രവർത്തന സ്ഥാപനമായ മൈ ഇരിങ്ങാലക്കുടയും ചേർന്ന് 2016 ൽ ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിൽ നടത്തിയ രക്തമൂലകോശ രജിസ്ട്രേഷൻ ക്യാമ്പിലാണ് മജ്ജദാനത്തിന് സന്നദ്ധത അറിയിച്ച് എഡ്വിൻ രജിസ്റ്റർ ചെയ്തത്. ക്രൈസ്റ്റ് കോളേജിലെ എൻ.എസ്.എസ്. യൂണിറ്റുമായി സഹകരിച്ചായിരുന്നു ക്യാമ്പ്.

ഇന്ത്യയിൽ നിന്ന് പുറത്തേക്കുള്ള അഞ്ചാമത്തെ മജ്ജദാനമാണിത്. മുമ്പ് നടന്ന നാലും നടത്തിയത് ദാത്രിയാണ്. 231 രക്തമൂലകോശ ദാനങ്ങളും ദാത്രിയിലൂടെ നടന്നിട്ടുണ്ട്. കേരളത്തിൽ നിന്ന് 41,500 ആളുകൾ രക്ത മൂലകോശ ദാനത്തിനു സന്നദ്ധരായി ദാത്രിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

അതിൽ നിന്ന് 30 പേർ രക്തമൂലകോശങ്ങൾ അപരിചിതർക്ക് നൽകി ജീവദാതാക്കളായിട്ടുണ്ട്.